REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭയും, രാജ്യസഭയും രണ്ട് മണി വരെ നിർത്തിവെച്ചു.**
- **നിർമ്മാണ മേഖലയിൽ തദ്ദേശീയ വസ്തുക്കൾ മാത്രം ഉപയോഗിക്കണമെന്ന് കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി.**
- **ലൈഫ് മിഷൻ പദ്ധതിക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് തടസ്സമുണ്ടാക്കുന്ന വൈദ്യുത ലൈനുകളും, പോസ്റ്റുകളും മാറ്റുന്നതിന് 50,000 രൂപ വരെ ചെലവ് KSEB വഹിക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി.**
- **സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപ്പരീക്ഷ ആരംഭിച്ചു.**
- **സംസ്ഥാനത്ത് മഴ ശക്തം. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള- കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

## വാർത്തകൾ വിശദമായി

വോട്ടർപട്ടികയുമായി ബന്ധപ്പെട്ട വിഷയത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും പ്രതിപക്ഷത്തിന്റെ ബഹളം. മൺസൂൺ സമ്മേളനം പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷ പ്രതിഷേധം കാരണം ലോക്സഭയും, രാജ്യസഭയും ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചിരിക്കുകയാണ്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

രാവിലെ 11-ന് രാജ്യസഭ സമ്മേളിച്ചപ്പോൾ, അന്തരിച്ച മുൻ സഭാംഗം ലാ ഗണേശന് സഭ ആദരാഞ്ജലികളർപ്പിച്ചു. നിര്യാണത്തിൽ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് ദുഃഖം രേഖപ്പെടുത്തി. തുടർന്ന് ബിഹാർ വോട്ടർപട്ടിക വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച നോട്ടീസുകൾ നിരസിച്ചതിനെ തുടർന്ന് പ്രതിപക്ഷം മുദ്രാവാക്യം വിളി തുടർന്നു. ഇതേ തുടർന്നാണ് രാജ്യസഭ രണ്ടു വരെ നിർത്തിവെച്ചത്.

ലോക്സഭയിലും സമാനമായ രംഗങ്ങളാണ് ഉണ്ടായത്. ബിഹാറിലെ തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തെകുറിച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം പ്രതിഷേധവുമായി രംഗത്തെത്തി. ഇതോടെ സഭയ്ക്കകത്ത് പൊതുമുതൽ നശിപ്പിച്ചാൽ അംഗങ്ങൾക്കെതിരെ കർശന നടപടിയെടുക്കേണ്ടിവരുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള മുന്നറിയിപ്പു നൽകി. ജനങ്ങൾ അംഗങ്ങളെ തിരഞ്ഞെടുത്തത് അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും, ക്ഷേമവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉന്നയിക്കാനുമാണെന്ന് സ്പീക്കർ പറഞ്ഞു. എന്നാൽ സ്പീക്കറുടെ അഭ്യർത്ഥന ചെവിക്കൊള്ളാതെ പ്രതിപക്ഷം പ്രതിഷേധം തുടർന്നു. ഇതോടെ ഉച്ച വരെ സഭ നിർത്തിവെക്കുകയായിരുന്നു.

✪✪✪

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന് NDA സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനെ നിശ്ചയിച്ച തീരുമാനത്തെ ബിഹാർ മുഖ്യമന്ത്രിയും ജനതാദൾ യുണൈറ്റഡ് പ്രസിഡണ്ടുമായ നിതീഷ് കുമാർ സ്വാഗതം ചെയ്തു. CP രാധാകൃഷ്ണന് വിജയാശംസകൾ നേരുന്നതായി അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലോകത്തെ മാറ്റങ്ങൾക്കനുസൃതമായി നിർമ്മാണ മേഖലയിൽ തദ്ദേശീയ വസ്തുക്കൾമാത്രം ഉപയോഗിക്കണമെന്ന് കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി നിർമ്മാണ സ്ഥാപനങ്ങളോട് നിർദേശിച്ചു. കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച, ഹൈദരാബാദ് പ്രോപ്പർട്ടി ഷോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മാണ സ്ഥാപനങ്ങൾ ഉപഭോക്താക്കളുടെ താൽപര്യം അനുസരിച്ച് പ്രവർത്തിക്കണമെന്നും മേഖലയ്ക്ക് കേന്ദ്രഗവൺമെന്റ് ആവശ്യമായ എല്ലാ പിന്തുണയും നൽകുമെന്നും കിഷൻ റെഡ്ഡി അറിയിച്ചു. വീടുകളുടെ നിർമ്മാണത്തിലടക്കം ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യരുതെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ഇന്ത്യയിലും പാകിസ്ഥാനിലും സമീപകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബത്തെ UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ദുഃഖം അറിയിച്ചു. ആവശ്യമായ സഹായങ്ങൾ നൽകാൻ UN സന്നദ്ധ സേന തയ്യാറാണെന്ന് അദ്ദേഹം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, ഇന്ന് ഇന്ത്യയിലെത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹത്തിന്റെ സന്ദർശനം. ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച പ്രത്യേക പ്രതിനിധികളുടെ 24-ാമത് ചർച്ചയിൽ അജിത് ഡോവലിനൊപ്പം വാങ് യി പങ്കെടുക്കും.

✪✪✪

CPIM പോളിറ്റ് ബ്യൂറോ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. തലശേരി സ്വദേശിയായ വ്യവസായി PB യ്ക്ക് അയച്ച പരാതിക്കത്തിലെ വിവരങ്ങൾ ചോർന്നതടക്കം വിവാദങ്ങളുടെ പശ്ചാത്തലം യോഗം ചർച്ച ചെയ്തേക്കും.

✪✪✪

സംസ്ഥാനത്തെ ലൈഫ് മിഷൻ പദ്ധതിക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് തടസ്സമുണ്ടാക്കുന്ന വൈദ്യുത ലൈനുകളും, പോസ്റ്റുകളും മാറ്റുന്നതിന് 50,000 രൂപ വരെ ചെലവ് KSEB വഹിക്കുമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ലൈഫ് മിഷൻ പദ്ധതിയിലെ BPL വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുകയെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കുടുംബത്തിന്റെ വാർഷിക വരുമാനം 50,000 ത്തിൽ താഴെയാണെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് സഹിതമാണ് അപേക്ഷിക്കേണ്ടതെന്നും മന്ത്രി വ്യക്തമാക്കി. ഈ സൗകര്യം ആറ് മാസത്തേക്ക് മാത്രമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മന്ത്രി GR അനിൽ സംവദിക്കുന്ന ഫോൺ ഇൻ പ്രോഗ്രാമിൽ പൊതുജനങ്ങൾക്ക് ഇന്ന് മന്ത്രിയുമായി സംസാരിക്കാൻ അവസരം. ഉച്ചയ്ക്ക് 2 മുതൽ 3 വരെയാണ് സമയം. ഭക്ഷ്യ, പൊതുവിതരണ, ലീഗൽ മെട്രോളജി വകുപ്പുകളിലെയും സപ്ലൈകോയിലേയും വിഷയങ്ങൾ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ഫോൺ ഇൻ പ്രോഗ്രാമിൽ അറിയിക്കാം. വിളിക്കേണ്ട നമ്പർ: 89 43 87 30 68.

✪✪✪

സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപ്പരീക്ഷ തുടങ്ങി. UP, ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർഥികൾക്കാണ് പരീക്ഷ ആരംഭിച്ചത്. LP വിഭാഗത്തിന് മറ്റന്നാൾ മുതലാണ് പരീക്ഷ. ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പരീക്ഷ 26-നും, പ്ലസ് ടു പരീക്ഷ 27 നും സമാപിക്കും. പരീക്ഷ സമയങ്ങളിൽ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അന്നത്തെ പരീക്ഷ 29-ന് നടത്തും.

അതിനിടെ ഓണപ്പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച തടയാൻ വിദ്യാഭ്യാസ വകുപ്പ് മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ചോദ്യക്കടലാസ് കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലകളിലും പ്രത്യേകം മൂന്നംഗ പരീക്ഷാസെല്ലും സജ്ജമാക്കി.

✪✪✪

കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രധാന അധ്യാപകന്റെ അടിയേറ്റ് വിദ്യാർത്ഥിയുടെ കർണ്ണപുടം തകർന്നുവെന്ന പരാതിയിൽ വിശദമായ അന്വേഷണത്തിന് മന്ത്രി V.ശിവൻകുട്ടി ഉത്തരവിട്ടു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആയിരിക്കും അന്വേഷണം നടത്തുകയെന്നും റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ച മൂന്ന് മാസം പ്രായമായ കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുന്നു. കുട്ടിയുടെ സാമ്പിളുകൾ വിദഗ്ധ പരിശോധനക്ക് അയച്ചിരിക്കുകയാണ്.

രോഗ ഉറവിടം കിണർ വെള്ളമാകാം എന്നാണ് അധികൃതരുടെ നിഗമനം. ഇതേതുടർന്ന് ഓമശേരിയിലെ വീട്ടിലെ കിണർ വെള്ളം വറ്റിച്ച് ക്ലോറിനേഷൻ നടത്തി സമീപത്തെ കിണറുകളിലെ സാമ്പിളുകളും പരിശോധന നടത്തി. കോഴിക്കോട് സ്വദേശിയായ ഒരാൾ കൂടി നിലവിൽ മെഡിക്കൽ കോളജിൽ ചികിത്സയിലുണ്ട്.

✪✪✪

ഛത്തീസ്ഗഡിലെ ബീജാപൂർ ജില്ലയിൽ മാവോയിസ്റ്റുകൾ നടത്തിയ സ്ഫോടനത്തിൽ ഒരു സുരക്ഷാ ഉദ്യോഗസ്ഥൻ വീരമൃത്യു വരിച്ചു. സംഭവത്തിൽ മൂന്ന് ജവാന്മാർക്ക് പരിക്കേറ്റു.

✪✪✪

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിന് ദേശീയ തലത്തിൽ മികച്ച അഭിലാഷ ബ്ലോക്കിന് നൽകുന്ന അവാർഡ് ലഭിച്ചു. ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന "പാലാഴി പദ്ധതി" ജില്ലാ കലക്ടർ ഉദ്ഘാടനം ചെയ്തു.

കാസർഗോഡ് ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ .......

..........(വോയിസ്)...........

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കേരള- കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിൽ കനത്ത മഴയെത്തുടർന്ന് കക്കി - ആനത്തോട് ഡാമിന്റെ ഒരു ഷട്ടർകൂടി തുറന്നു. നിലവിൽ ഡാമിന്റെ മൂന്നു ഷട്ടറുകളാണ് തുറന്നത്.

രണ്ടും മൂന്നും ഷട്ടറുകൾ 45 സെ.മീറ്റർ വീതം നേരത്തെ ഉയർത്തിയിരുന്നു. രാവിലെ 10 ന് ഒന്നാമത്തെ ഷട്ടറും 30 സെ.മീറ്റർ ഉയർത്തി. സ്ഥിതിഗതികൾ വിലയിരുത്തി ഇന്ന് ഉച്ചകഴിഞ്ഞ് ഡാമിന്റെ നാലാമത്തെ ഷട്ടറും തുറക്കും. കക്കാട്ടാറിന്റെയും പമ്പയാറിന്റെയും തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇടുക്കി ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ ഈ വർഷത്തെ കണക്കെടുപ്പ് പൂർത്തിയായി. പുതിയ 144 വരയാടിൻ കുഞ്ഞുങ്ങളെ സെൻസസിൽ കണ്ടെത്തി. ഇതോടെ ആകെ വരയാടുകളുടെ എണ്ണം 841 ആയി ഉയർന്നു.

ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ ............

...........(വോയ്സ് )................

✪✪✪

ഏഷ്യാ കപ്പ് ട്വന്റി 20 ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ നാളെ പ്രഖ്യാപിക്കും. ടെസ്റ്റ് ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ കാര്യത്തിലടക്കം സെലക്ടർമാരുടെ തീരുമാനം നിർണായകമായേക്കുമെന്നാണ് ക്രിക്കറ്റ് ലോകം കരുതുന്നത്. സെപ്തംബർ ഒമ്പത് മുതൽ UAE യിലാണ് ഏഷ്യാകപ്പ് ടൂർണമെന്റ്.

✪✪✪

ഡ്യൂറന്റ് കപ്പ് ഫുട്ബോളിൽ  ഈസ്റ്റ് ബംഗാളും,  ഡയമണ്ട് ഹാർബർ FCയും സെമി ഫൈനലിൽ കടന്നു. കൊൽക്കത്തെയിൽ  ഈസ്റ്റ് ബംഗാൾ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ തോൽപ്പിച്ചു. ജംഷഡ്പൂർ FC യെ ഏകപക്ഷീയമായ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചാണ് ഡയമണ്ട് ഹാർബർ സെമി ഫൈനലിലെത്തിയത്.

✪✪✪

വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും ഉപഭോക്താക്കൾക്ക് വാങ്ങാവുന്ന കേര വെളിച്ചെണ്ണയുടെ അളവ് രണ്ടു ലിറ്ററായി ഉയർത്തിയെന്ന് മന്ത്രി GR അനിൽ അറിയിച്ചു. നിലവിൽ ഇത് ഒരു ലിറ്ററായിരുന്നു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*NRT:ഫസ്ന ഫാത്തിമ*
*DEO:  ഷീബ*